വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് വ്യവസ്ഥകൾ ലഘൂകരിക്കാൻ നടപടി

194 [1512] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് താൽപ്പര്യം പ്രകടിപ്പിച്ച് എത്ര കമ്പനികൾ മുന്നോട്ടുവന്നിട്ടുണ്ട്; ഇവയുടെ പേരുകൾ വ്യക്തമാക്കാമോ;

(ബി) വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണത്തിന് സമാന മേഖലകളിലെ പദ്ധതികളെ അപേക്ഷിച്ച് കർശന വ്യവസ്ഥകൾ മുന്നോട്ടുവച്ചതുമൂലമാണ് പല കമ്പനികളും പിന്മാറിയത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത വ്യവസ്ഥകൾ ലഘൂകരിക്കുമോ?

ഉത്തരം

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് 11 കമ്പനികൾ താൽപ്പര്യം പ്രകടിപ്പിച്ചു. എന്നാൽ 7 കമ്പനികൾ മാത്രമാണ് ദർഘാസ് സമർപ്പിക്കുന്നതിന് ആവശ്യമായ രേഖകൾ സർക്കാരിൽനിന്നും വാങ്ങിയത്. അവയുടെ പേർ വിവരം താഴെ ചേർക്കുന്നതാണ്:

1.	ബെക്കറ്റ് റാക്കെയിൻ പാർട്ട്ണർഷിപ്പ്	..	ലണ്ടൻ
2.	പോർട്ട് കോൺ ഇന്റർനാഷണൽ	..	ദക്ഷിണാഫ്രിക്ക
3.	ഹിലി കമ്പനി	..	മാൾട്ട
4.	ലാർസൺ ആന്റ് ടൂബ്റോ	..	ചെന്നൈ
5.	അഫ്കോൺസ്	..	മുംബൈ
6.	ഗ്യാമൺ ഇന്ത്യാ ലിമിറ്റഡ്	..	മുംബൈ
7.	അഡാനി എക്സ്പോർട്ട്സ്	..	ഗുജറാത്ത്

(ബി) ഉണ്ട്.

(സി) ലൈസൻസ് വ്യവസ്ഥകൾ ലഘൂകരിക്കുവാൻ നടപടി എടുത്തിട്ടുണ്ട്.

തുറമുഖങ്ങളുടെ സമഗ്ര വികസനം

195 [1513] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം തുറമുഖങ്ങളിൽ മുതൽമുടക്കുവാനാണ് സ്വകാര്യവ്യക്തികൾ മുന്നോട്ടുവന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തുറമുഖങ്ങളുടെ സമഗ്ര വികസനത്തിനായി എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു;

(സി) ഇതിൽ സർക്കാരും സ്വകാര്യവ്യക്തികളും മുടക്കാൻ ഉദ്ദേശിക്കുന്ന തുക എത്രവീതമെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തുറമുഖ വികസനത്തിനായി വിദേശ ധനസഹായം ലഭിക്കുന്നുണ്ടോ;

(ഇ) എത്ര തുകയാണ് സഹായധനമായി ലഭിക്കുമെന്ന് കണക്കാക്കിയിരിക്കുന്നത്;

(എഫ്) തുറമുഖ വികസനം കൊണ്ട് അധികമായി ഓരോ തുറമുഖത്തും ഉണ്ടാകുന്ന തൊഴിൽ സാദ്ധ്യത കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് പുതുതായി തൊഴിൽ ലഭിക്കും?

ഉത്തരം

(എ) അഴീക്കൽ, ബേപ്പൂർ, ആലപ്പുഴ, വിഴിഞ്ഞം എന്നീ തുറമുഖങ്ങളുടെ വികസനത്തിന് മുതൽമുടക്കുവാനാണ് സ്വകാര്യവ്യക്തികൾ മുന്നോട്ടുവന്നിരിക്കുന്നത്.

(ബി) ആലപ്പുഴ:—ആലപ്പുഴയിൽ ഒരു മറീന സ്ഥാപിക്കുന്നതിനായി സർക്കാരുമായി ധാരണാപത്രം ഒപ്പുവച്ച സ്വകാര്യ കമ്പനിയുടെ നിർദ്ദേശം ലഭിച്ചതിൻമേൽ ചർച്ചകൾ നടത്തിവരുന്നു.

വിഴിഞ്ഞം:—ഒരു അന്താരാഷ്ട്ര ആഴക്കടൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ സ്ഥാപിക്കുന്നതിനായി പുതുതായി ദർഘാസുകൾ ക്ഷണിച്ചു. 2005 ഏപ്രിലോടുകൂടി സ്വകാര്യ നിക്ഷേപകരിൽനിന്നും ദർഘാസുകൾ ലഭിക്കുന്നതിൽ നിന്നും സ്വകാര്യ പങ്കാളിയെ തെരഞ്ഞെടുക്കുവാൻ സാധിക്കും. ഈ തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പദ്ധതി ഏകോപിപ്പിച്ച് വികസിപ്പിക്കുന്നതിനുമായി സർക്കാരിന്റെ നിയന്ത്രണത്തിൽ ഒരു കമ്പനി പ്രവർത്തനം തുടങ്ങി കഴിഞ്ഞു.

അഴീക്കൽ:—താൽപ്പര്യം പ്രകടിപ്പിച്ചിട്ടുള്ള ഷാർജയിലെ യൂണിവേഴ്സൽ ലുബ്രിക്കൻസ് എന്ന കമ്പനിയുടെ വിശദമായ നിർദ്ദേശം ഉടൻ പ്രതീക്ഷിക്കുന്നു. നിർദ്ദേശം അനുയോജ്യം എന്നു കണ്ടാൽ ടി കമ്പനിയുമായി ഉടൻതന്നെ കരാറിൽ ഏർപ്പെടുവാൻ സാധിക്കുമെന്ന് കരുതുന്നു.

ബേപ്പൂർ:—ബേപ്പൂർ തുറമുഖ വികസനത്തിന് സർക്കാരുമായി ധാരണാപത്രം ഒപ്പുവച്ച സ്വകാര്യ കമ്പനിയുടെ വിശദമായ നിർദ്ദേശം പരിശോധിച്ചുവരികയാണ്. നിർദ്ദേശം സ്വീകാര്യം ആകുന്ന മുറയ്ക്ക് അവരുമായി കരാറിൽ ഏർപ്പെടുവാൻ കഴിയുമെന്ന് കരുതുന്നു

(സി) അഴീക്കൽ, ബേപ്പൂർ, ആലപ്പുഴ എന്നീ തുറമുഖങ്ങളുടെ വികസനത്തിനുള്ള മുതൽമുടക്ക് പൂർണ്ണമായും സ്വകാര്യ മേഖലയിൽ ആയിരിക്കും. എന്നാൽ വിഴിഞ്ഞം പദ്ധതിയിൽ 24% വരെ മുതൽമുടക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) തൊഴിൽ സാദ്ധ്യതകളെപ്പറ്റി കണക്കെടുപ്പ് നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly